ശ്രീ. പി. വി. അവിരാത്തരകൻ : തിരുവിതാംകൂർ ക്രെഡിറ്റ് ബാങ്കിന്റെ പ്രവർത്തനം തിരുവിതാംകൂറിൽ മാത്രമേ ഉള്ളോ അതോ കൊച്ചിയിലുംകൂടി ഈ ബാങ്കുമൂലമുള്ള പ്രയോജനമുണ്ടാകുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കൊച്ചിയിൽ ഇവിടത്തെ ക്രെഡിറ്റ് ബാങ്ക് കൊണ്ട് പ്രയോജനമില്ല.

ശ്രീ. എ. താണുപിള്ള : വായ്പ സംഖ്യ 12 പേർ തിരിയെ അടച്ചുതീർത്തിട്ടുണ്ടെന്നു പറഞ്ഞു. അതു 1950-നുശേഷം ലോൺ വാങ്ങിയിട്ടുള്ളവരാണോ ; അതോ അതിനുമുമ്പു ലോൺ വാങ്ങിയിട്ടുള്ളവരാണോ ?

SHRI PANAMPILLI GOVINDA MENON : The names and number of parties who have repaid loans since 1950 in full is the question and the answer is :

"Only 12 persons have repaid the loans in full amounting in all to Rs. 2,87,900."

ശ്രീ. കെ. പി. ഹർമ്മീസ് : തിരുവിതാംകൂർ ക്രെഡിറ്റ് ബാങ്കിനെ ഒരു സഹകരണബാങ്കായി രൂപാന്തരപ്പെടുത്താൻ സാധിക്കുകയില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സാധിക്കുകയില്ല. കാരണം, അതിലേക്ക് ഉണ്ടാക്കിയിട്ടുള്ള നിയമങ്ങൾ ഭേദഗതി ചെയ്യാതെ സാധിക്കുകയുള്ളൂ.

ശ്രീ. സി. എ. മാത്യു : പതിനായിരം രൂപയിൽ കൂടുതൽ ലോൺ കൊടുക്കാൻ പാടില്ലെന്ന വ്യവസ്ഥ ചെയ്തിരിക്കെ അതിൽ കൂടുതൽ കൊടുത്തിട്ടുള്ളതു സംബന്ധിച്ചു പരാതികൾ ഉണ്ടായിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയുള്ള ആക്ഷേപങ്ങൾ ഗവണ്മെന്റിനു വന്നതായിട്ട് അറിവില്ല.

ശ്രീ. സി. എ. മാത്യു : അങ്ങനെ കൊടുത്തിട്ടുണ്ടെന്ന് അന്വേഷിച്ചറിയുന്ന പക്ഷം നടപടി നടത്തുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ കൊടുത്തിട്ടുണ്ടോ എന്നു് അന്വേഷിച്ചു്, ഉണ്ടെങ്കിൽ ബഹുമാനപ്പെട്ട മെംബറിനെ എഴുതി അറിയിക്കാം.

## ഫൈനാൻസു് കാർപ്പറേഷൻ ലോൺ.

* 389. [16] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫൈനാൻസു കാർപ്പറേഷൻ രൂപീകൃതമായതിനുശേഷം, ആകെ എത്ര വ്യവസായങ്ങൾക്കു ലോൺ അനുവദിച്ചിട്ടുണ്ടു് ;

(ബി) പതിനയ്യായിരത്തിൽ മുകളിൽ ഉള്ളവർ ആരെല്ലാം എന്നു പറയുവാൻ ദയവുണ്ടാകുമോ ;

(സി) എടുക്കുന്ന ലോണിനുതക്ക വിലപിടിപ്പുള്ള ജാമ്യംതന്നെയാണു് ഹാജരാക്കുന്നതെന്നു ഗവണ്മെന്റിനു ബോദ്ധ്യമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഫൈനാൻസ് കാർപ്പറേഷൻ സ്ഥാപിച്ചതിനുശേഷം 33 വ്യവസായങ്ങൾക്ക് ലോൺ അനുവദിച്ചു കൊടുത്തിട്ടുണ്ട്.

(ബി) കടംകൊടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ പേരുവിവരം രഹസ്യമായി കരുതേണ്ടതിനാൽ വെളിപ്പെടുത്താൻ നിവൃത്തിയില്ല.

(സി) തക്ക വിലപിടിപ്പുള്ള ജാമ്യത്തിന്മേലല്ലാതെ വായ്പ കൊടുത്തതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. പി. കുഞ്ഞൻ: പാറയ്ക്ക പിലപിടിപ്പുള്ള സ്വത്തുക്കൾ ജാമ്യം കൊടുക്കാതെയാണ് ചില വ്യവസായങ്ങൾക്ക് വായ്പ കൊടുത്തിട്ടുള്ളതെന്ന് പരാതി കിട്ടിയിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ചോദ്യത്തിനു ഞാൻ മുൻപു മറുപടി പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. പി. കുഞ്ഞൻ: ചില വ്യവസായങ്ങൾക്ക് വലിയ തുക വായ്പയായി കൊടുത്തിരിക്കുന്നതു തക്ക ജാമ്യത്തിന്മേലാണോ അല്ലയോ എന്നു് അന്വേഷിക്കാൻ ഗവണ്മെൻറിനു് അധികാരമില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഫിനാൻസ് കാർപ്പറേഷനെ സംബന്ധിച്ചിടത്തോളവും പറയാനുള്ളതു്, അതു് ഒരു സ്റ്റാറ്റ്യൂട്ടറിയായി പ്രവർത്തനം നടത്തുന്ന ഒരു അട്ടാണമസ് ബോഡിയാണ്. അതു സംബന്ധിച്ചുള്ള കാര്യങ്ങളിൽ ഗവണ്മെൻറ് ഇടപെടണമെങ്കിൽ അതിലേക്കുള്ള നിയമങ്ങൾ മാറ്റി എഴുതണം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: വായ്പ വാങ്ങിയിട്ടുള്ള വ്യവസായങ്ങളുടേയോ വ്യക്തികളുടേയോ പേരു് രഹസ്യമായി വയ്ക്കാൻ വല്ല പ്രത്യേക കാരണവും ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ വെളിയിൽ പറയാതിരിക്കുന്നതു ഒരു കമേഷ്യൽ ടാക്ട് ആണ്.

ശ്രീ. പി. കുഞ്ഞൻ: ഇൻഡസ്ട്രിയൽ ഫൈനാൻസ് കാർപ്പറേഷൻ സംബന്ധിച്ചു് ധാരാളം പണം ചെലവായിക്കൊണ്ടിരിക്കുന്നെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇൻഡ്യയിലുള്ള മറ്റേതൊരു ഫിനാൻസ് കാർപ്പറേഷനേക്കാളും ഏറ്റവും മിതവ്യയത്തോടുകൂടി പ്രവർത്തനം നടത്തുന്ന ഒരു കാർപ്പറേഷനാണ് ഇതെന്നു് മദ്രാസിലെ ഒരു ലീഡിംഗ് പത്രംതന്നെ ഒരു പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ട്.

## Unemployment Problem.

* 390 [17] †SHRI K. SATTANATHA KARAYALAR: Will the Chief Minister be pleased to state:

(*a*) whether the Government have collected statistics regarding the range, scope and intensity of the unemployment problem in the State; and

†As the member was absent, the question was put by Shri Prakulam Bhasi with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly